## പാഠം 6 ഏപ്രിൽ 29 - മെയ് 5

# ക്രിസ്തുവിനായി കഷ്ടമനുഭവിക്കുന്നു

**ശബ്ബത്ത് സായാഹ്നം ഏപ്രിൽ 29**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ് 1:6, 3:13–22, 2 തിമൊഥെയോസ് 3:12, 1 പത്രൊസ് 4:12–14, വെളിപ്പാട് 12:17, 1 പത്രൊസ് 4:17–19.**

**മനഃപാഠവാക്യം: "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1 പത്രൊസ് 2:21).**

ക്രിസ്ത്യാനിത്വത്തിന്റെ ആദ്യ നൂറ്റാണ്ടുകളിലെ പീഡനം പരക്കെ അറിയപ്പെടുന്നതാണ്. ബൈബിൾ തന്നെ, പ്രത്യേകിച്ച് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം, സഭയ്ക്കായി എന്തു കാത്തിരുന്നു എന്നതിന്റെ ക്ഷണിക ദർശനങ്ങൾ നൽകുന്നു. പത്രൊസ് എഴുതുന്ന ക്രിസ്ത്യാനികളുടെ ജീവിതത്തിലെ പീഡനങ്ങളും അതുകൊണ്ട് ഉണ്ടാകുന്ന കഷ്ടപ്പാടുകളും വ്യക്തമായും ഇപ്പോഴുള്ള ഒരു യാഥാർത്ഥ്യമാണ്. ആദ്യ അദ്ധ്യായത്തിൽ, പത്രൊസ് പറയുന്നത്, "അതിൽ നിങ്ങൾ ഇപ്പോൾ അല്പ നേരത്തേക്കു നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും"(1പത്രൊസ് 1:6–7). എഴുത്തിലെ അവസാന അഭിപ്രായ പ്രകടനവും ഇതേ ആശയം കൈകാര്യം ചെയ്യുന്നു. "എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും" (1 പത്രൊസ്5:10).

ഈ ചുരുക്കമായ ലേഖനത്തിൽ, ക്രിസ്തുവിനു വേണ്ടിയുള്ള അവന്റെ വായനക്കാരുടെ കഷ്ടപ്പാട് കൈകാര്യം ചെയ്യുന്ന മൂന്നു വലിയ പാഠഭാഗങ്ങളുണ്ട്.

(1 പത്രൊസ് 2:18–25; 3:13–21; 4:12–19). അപ്പോൾ ഏതുവിധത്തിൽ കണക്കിലെടുത്താലും, പീഡനത്താലുണ്ടാകുന്ന കഷ്ടപ്പാട് 1 പത്രൊസിന്റെ ഒരു പ്രധാന വിഷയമാണ്. ഇനി നാം അതിലേക്കു തിരിയുന്നു.

**ഞായർ ഏപ്രിൽ 30**

### ആദിമ ക്രിസ്ത്യാനികൾക്കുള്ള പീഡനം

**1 പത്രൊസ് 1:6; 5:10 വായിക്കുക.**

**എന്തിനെക്കുറിച്ചാണ് പത്രൊസ് സംസാരിക്കുന്നത്, അവർ നേരിടുന്നതിനോടു പ്രതികരിക്കുവാൻ എങ്ങനെയാണ് പത്രൊസ് പറയുന്നത്?**

ആദ്യ നൂറ്റാണ്ടുകളിൽ, ഒരു ക്രിസ്ത്യാനി ആയിരിക്കുന്നതുതന്നെ ഭയാനകമായ ഒരു മരണത്തിൽ കലാശിച്ചേനെ. ആദിമ ക്രിസ്ത്യാനികളുടെ സുരക്ഷ എത്ര നിശ്ചയമില്ലാത്തതായിരുന്നുവെന്ന് റോമാ ചക്രവർത്തി ട്രാജനെഴുതിയ ഒരു കത്ത് പ്രകടമാക്കുന്നു.

ആ എഴുത്തെഴുതിയത് പ്ലിനിയായിരുന്നു. ആ സമയത്ത് അവൻ പൊന്തസിന്റെയും ബിഥുന്യയുടെയും നാടുവാഴിയായിരുന്നു(എ.ഡി. 111-113)1 പത്രൊസ് 1:1ൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടു മേഖലകൾ. ക്രിസ്ത്യാനികളെന്ന് ആരോപിക്കപ്പെട്ട ജനങ്ങളെക്കുറിച്ച് എന്തു ചെയ്യണമെന്നുള്ള മാർഗനിർദേശം ചോദിച്ചുകൊണ്ട് പ്ലിനി ട്രാജന് ഒരു കത്തയച്ചിട്ടുണ്ടായിരുന്നു. അവർ ക്രിസ്ത്യാനികളാണെന്ന് നിർബന്ധം പിടിച്ചവരെ വധിച്ചിരുന്നു എന്ന് അവൻ വിശദീകരിച്ചിരുന്നു. മറ്റുള്ളവരാകട്ടെ അവർ നേരത്തെ ക്രിസ്ത്യാനികളായിരുന്നുവെങ്കിലും, അവർ ഇപ്പോൾ അല്ല എന്നു പറഞ്ഞു. അവരുടെ നിരപരാധിത്വം തെളിയിക്കുവാൻ പ്ലിനി അവരെ അനുവദിച്ചു. അവർ ട്രാജനും മറ്റു ദൈവങ്ങൾക്കും ധൂപം കാട്ടുകയും യേശുവിനെ ശപിക്കുകയും ചെയ്തിരുന്നു.

ജീവനുള്ള ഒരു ചക്രവർത്തിയെ ആരാധിക്കുന്നത് റോമിൽ അപൂർവമായിരുന്നു. എന്നിരുന്നാലും 1 പത്രൊസ് അയയ്ക്കപ്പെട്ടിരിക്കുന്ന റോമിന്റെ കിഴക്കുഭാഗത്ത്, ചക്രവർത്തിമാർ ഇതനുവദിക്കുകയും ചിലപ്പോഴൊക്കെ അവർക്കുവേണ്ടി ക്ഷേത്രങ്ങൾ പണിയുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ ക്ഷേത്രങ്ങളിൽ ചിലതിന് സ്വന്തം പുരോഹിതന്മാരും യാഗം നടത്തപ്പെട്ടിരുന്ന യാഗപീഠങ്ങളുമുണ്ടായിരുന്നു. സാമ്രാജ്യത്തോടുള്ള കൂറ് കാണിക്കാൻ ക്രിസ്ത്യാനികൾ ചക്രവർത്തിയുടെ ഒരു വിഗ്രഹത്തെ ആരാധിക്കുകയും ധൂപം കാണിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ, ഏഷ്യ മൈനറിൽ ദീർഘനാളുകളായി നിലനിന്നിരുന്ന ഒരു പതിപ്പ് അവൻ പിന്തുടരുകയായിരുന്നു.

ക്രിസ്ത്യാനികൾ ആയിരുന്നതുകൊണ്ട് മാത്രം ഗുരുതരമായ അപകടം നേരിടേണ്ടിവന്നവർ ഒന്നാം നൂറ്റാണ്ടിൽ ചിലപ്പോഴൊക്കെയുണ്ടായിരുന്നു. ഇതു പ്രത്യേകിച്ചു സത്യമായിരുന്നത് നീറോ (എ.ഡി. 54-68) ചക്രവർത്തിയുടെയും ഡൊമീഷ്യൻ (എ.ഡി. 81-96) ചക്രവർത്തിയുടെയും കീഴിലാണ്. എന്നിട്ടുകൂടി 1 പത്രൊസിൽ പ്രതിപാദിച്ചിരിക്കുന്ന പീഡനം ഒരു പ്രാദേശിക തരമാണ്. പത്രൊസ് പറയുന്ന പ്രത്യേകമായ പീഡനത്തിന്റെ ഉദാഹരണങ്ങൾ കത്തിൽ കുറവാണ്, എന്നാൽ അതിൽ ഒരു പക്ഷേ തെറ്റായ കുറ്റാരോപണങ്ങൾ ഉൾപ്പെട്ടിരിക്കാം (1 പത്രൊസ് 2:12). കൂടാതെ അധിക്ഷേപവും ശാസനയും (1 പൗലൊസ് 3:9, 4:14). വിചാരണകൾ കർശനമായിരുന്നെങ്കിലും, വ്യാപകമായ തടവിലാക്കലിലും മരണത്തിലും കലാശിക്കുന്നതായി കാണപ്പെടുന്നില്ല. ഏറ്റവും കുറഞ്ഞത് ആ സമയത്തെങ്കിലും എന്നിരുന്നാലും, ഒരു ക്രിസ്ത്യാനിയായി ജീവിക്കുക എന്നത് വ്യാപകമായ ഒന്നാം നൂറ്റാണ്ട് സമൂഹത്തിന്റെ പതിവുകളുമായി പ്രശ്നത്തിലാകുകയും, അവരുടെ വിശ്വാസം മൂലം കഷ്ടപ്പെടുകയും ചെയ്യാമായിരുന്നു. അങ്ങനെ ഈ ആദ്യലേഖനം എഴുതുമ്പോൾ പത്രൊസ് ഒരു ഗൗരവകരമായ പ്രശ്നത്തെ സംബോധന ചെയ്യുകയായിരുന്നു.

## കഷ്ടപാടും ക്രിസ്തുവിന്റെ മാതൃകയും

**1 പത്രൊാസ് 3:13-22 വായിക്കുക.**

**അവരുടെ വിശ്വാസം മുഖാന്തരം അവർക്ക് കഷ്ടപ്പാട് കൊണ്ടുവരാവുന്ന വരോട് ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണം? അവരുടെ വിശ്വാസംമൂലം കഷ്ടമനുഭവിക്കുന്ന വിശ്വാസികളുടെയും യേശുവിന്റെ കഷ്ടപ്പാടും തമ്മിൽ എന്താണ് ബന്ധം?**

“നീതിനിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ” (1 പത്രൊാസ് 3:14) എന്ന് പത്രൊാസ് പറയുമ്പോൾ അവൻ യേശുവിന്റെ വാക്കുകൾ “നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:10) എന്നത് ഏറ്റുപറയുകയാണ്. പിന്നീട് അവൻ പറയുന്നത് ക്രിസ്ത്യാനികൾ അവരെ ആക്രമിക്കുന്നവരെ ഭയപ്പെടരുത്, പിന്നെയോ അവർ യേശുവിനെ കർത്താവായി അവരുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിക്കട്ടെ (1 പത്രൊാസ് 3:15). യേശുവിന്റെ ഈ ഉറപ്പ് അവരുടെ ഹൃദയങ്ങളിൽ ഉള്ളപ്പോൾ അവരെ എതിർക്കുന്നവരോടുള്ള അവരുടെ ഭയം തടയുവാൻ സഹായിക്കും.

പിന്നീട് അവൻ നിർദ്ദേശിക്കുന്നത് ക്രിസ്ത്യാനികൾക്ക് എപ്പോഴും അവർക്കുള്ള പ്രത്യാശ വിശദീകരിക്കുവാൻ സാധിക്കണം. എന്നാൽ അത് ചെയ്യേണ്ടത് സ്വീകാര്യമായ രീതിയിലാണ്. സൗമ്യതയിലും ഭയത്തിലും (“ഭയം ചിലപ്പോഴൊക്കെ ഭയ ഭക്തി” എന്ന തർജമ ചെയ്തിട്ടുണ്ട്)

(1 പത്രൊാസ് 3:15,16 കാണുക)

അവരെ പഴി പറയാനുള്ള ഒരു കാരണം മറ്റുള്ളവർക്ക് നൽകാതിരിക്കാൻ ക്രിസ്ത്യാനികൾ ശ്രദ്ധിക്കണമെന്ന് പത്രൊാസ് ഉറപ്പിച്ചു പറയുന്നു. അവർ അവരുടെ മനഃസാക്ഷി കുറ്റമറ്റതാക്കി വയ്ക്കണം (1 പത്രൊാസ് 3:16). ഇത് പ്രധാനമാണ്, കാരണം അപ്പോൾ ഒരു ക്രിസ്ത്യാനിയെ കുറ്റപ്പെടുത്തുന്നവർ ആരോപിക്കപ്പെടുന്ന ക്രിസ്ത്യാനിയുടെ കറയറ്റ ജീവിതം കണ്ട് ലജ്ജിതരാകും.

വ്യക്തമായും ഒരു തെറ്റുകാരനായതിന്റെ പേരിൽ കഷ്ടമനുഭവിക്കുന്നതിൽ നേട്ടമൊന്നുമില്ല (1 പത്രൊാസ് 3:17). നന്മയ്ക്കോ, ശരിയായ കാര്യം ചെയ്യുന്നതിനോ വേണ്ടി കഷ്ടമനുഭവിക്കുന്നതാണ് പ്രധാനമായ വ്യത്യാസമുണ്ടാക്കുന്നത്. “നിങ്ങൾ കഷ്ടം സഹിക്കണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നന്ന്” (1 പത്രൊാസ് 3:17).

പിന്നീട് പത്രൊാസ് യേശുവിന്റെ ഉദാഹരണം ഉപയോഗിച്ചു.. ക്രിസ്തു അവന്റെ നീതിക്കുവേണ്ടിയാണ് കഷ്ടം സഹിച്ചത്; അവന്റെ ജീവിതത്തിലെ പരിശുദ്ധിയും വിശുദ്ധിയും അവനെ വെറുത്തവർക്കുള്ള സ്ഥിരമായ ശാസനയായി നിലകൊണ്ടു.

തെറ്റല്ലാതെ ശരി ചെയ്തതിനുവേണ്ടി കഷ്ടം സഹിച്ചിട്ടുണ്ടെങ്കിൽ, അത് യേശുവാണ്. എന്നാൽ അവന്റെ കഷ്ടപ്പാട് രക്ഷയ്ക്കുള്ള ഏക വഴി കൊണ്ടുവന്നു. അവൻ പാപികളുടെ സ്ഥാനത്തു മരിച്ചു. (നീതിമാൻ നീതികെട്ടവർക്കുവേണ്ടി” 1 പത്രൊാസ് 3:18). അവനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടാക്കുന്നതിനുവേണ്ടി.

**നിങ്ങൾ എപ്പോഴെങ്കിലും കഷ്ടപ്പെട്ടിട്ടുണ്ടോ, തെറ്റു ചെയ്യുന്നതിനല്ല പിന്നെയോ ശരി ചെയ്തതിന്? അനുഭവം എന്തായിരുന്നു, ഒരു ക്രിസ്ത്യാനി യായി. ക്രിസ്തുവിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുക എന്നതിന്റെ അർത്ഥത്തെ ക്കുറിച്ച് നിങ്ങൾ എന്തു പഠിച്ചു?**

**ചൊവ്വ** **മേയ് 2**

**അഗ്നിപരീക്ഷ**

**1 പത്രൊസ് 4:12-14 വായിക്കുക. അവൻ അവരുടെ കഷ്ടപ്പാടിൽ ആശ്ചര്യ പ്പെടരുത് എന്ന് പത്രൊസ് എന്തുകൊണ്ട് പറയുന്നു? 2 തിമൊഥെയൊസ് 3:12, യോഹന്നാൻ 15:8 ഉം കാണുക.**

ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിനായി പീഡനം സഹിക്കുക എന്നാൽ ക്രിസ്തു വിന്റെ കഷ്ടപ്പാടിൽ പങ്കാളിയാകുകയെന്നാണ് പത്രൊസ് വ്യക്തമാക്കുന്നത്. അത് പ്രതീക്ഷിക്കാതിരിക്കേണ്ട ഒന്നല്ല. അതിനു വിപരീതമായി പൗലൊസ് എഴുതും പോലെ "എന്നാൽ ക്രിസ്തുയേശുവിൽ ശക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയോസ് 3:12). അവർ എന്തു നേരിടേണ്ടിവരും എന്നതിനെക്കുറിച്ച് യേശു സ്വയം അവന്റെ അനുയായികളെ താക്കീത് ചെയ്തു: "അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും" (മത്തായി 24:9)

എലൻ ജി.വൈറ്റ് പറയുന്ന പ്രകാരം: "ക്രിസ്തു യേശുവിൽ ദൈവികമായി ജീവിക്കുന്ന ഏവർക്കും അങ്ങനെയായിരിക്കും. ക്രിസ്തുവിന്റെ ആത്മാവിനാൽ നിറയപ്പെട്ടവർക്കെല്ലാം ആക്ഷേപവും പീഡനവും ഉണ്ടാകും. പീഡനത്തിന്റെ സ്വഭാവം കാലത്തിനനുസരിച്ചു മാറും, എന്നാൽ തത്വം–അതിനടിയിലുള്ള ആത്മാവ് – ഹാബേലിന്റെ കാലം മുതൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ കൊല്ലുന്നതു വരെയും അതൊന്നാണ്."

വെളിപ്പാട് 12:17 വായിക്കുക. അന്ത്യനാളുകളിൽ ക്രിസ്ത്യാനികൾക്കുള്ള പീഡന ത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അതെന്ത് പറയുന്നു?

ഒരു വിശ്വസ്തനായ ക്രിസ്ത്യാനിക്ക്, പീഡനം എന്നത് എപ്പോഴും നിലനിൽ ക്കുന്ന ഒരു യാഥാർത്ഥ്യമാണ് എന്നതിൽ സംശയമൊന്നുമില്ല, അതാണ് ഇവിടെ അവർ നേരിട്ടുകൊണ്ടിരുന്ന "അഗ്നിപരീക്ഷ"യെക്കുറിച്ച് അവന്റെ വായനക്കാരെ പത്രൊസ് താക്കീത് ചെയ്യുന്നത്?

അഗ്നി ഒരു നല്ല രൂപകാലങ്കാരമായിരുന്നു. അഗ്നി നാശകരമാണ്, എന്നാൽ അതിന് മാലിന്യങ്ങളെ ശുദ്ധമാക്കാനും കഴിയും. അഗ്നിയിലായിരിക്കുന്നത് എന്താണ് എന്നതിനെ ആശ്രയിച്ചിരിക്കും അത്. വീടുകൾ അഗ്നിയാൽ നശിക്കുന്നു; വെള്ളിയും പൊന്നും അതിനാൽ ശുദ്ധമാക്കപ്പെടുന്നു. ആരും മനഃപൂർവമായി പീഡനം കൊണ്ടു വരുവാൻ പാടില്ലെങ്കിലും, ദൈവത്തിന് അതിൽനിന്നും നന്മ കൊണ്ടുവരുവാൻ കഴിയും. അങ്ങനെ പത്രൊസ് അവന്റെ വായനക്കാരോട് പറയുകയാണ് (നമ്മോടും): അതേ പീഡനം നല്ലതല്ല, എന്നാൽ അത് അപ്രതീക്ഷിതമാണെന്ന തരത്തിൽ അതിനാൽ നിരാശനാകരുത് വിശ്വാസത്തിൽ മുമ്പോട്ട് പോകുക.

**അവരുടെ വിശ്വാസത്തിനുവേണ്ടി കഷ്ടമനുഭവിക്കുന്നവരെ നമുക്ക് എങ്ങനെ ഉദ്ധരിക്കാം, പ്രോത്സാഹിപ്പിക്കാം കൂടാതെ സഹായിക്കുകയും ചെയ്യാം?**

**ബുധൻ** **മേയ് 3**

## ദൈവജനവും ന്യായവിധിയും

**ഈ പാഠഭാഗങ്ങളിലെല്ലാം, നൃയവിധിയുടെ പ്രക്രിയ ആരംഭിക്കുന്നത് ദൈവ ജനത്തോടെയാണ് എന്നാണ് ചിത്രീകരിച്ചിരിക്കുന്നത്.** അവന്റെ വായനക്കാരുടെ കഷ്ടപ്പാടുകൾ പോലും പത്രൊസ് ദൈവത്തിന്റെ ന്യായവിധിയുമായി ബന്ധിപ്പിക്കുന്നു. അവനെ സംബന്ധിച്ചിടത്തോളം അവന്റെ വായനക്കാർ അനുഭവിക്കുന്ന കഷ്ടപ്പാട് ദൈവത്തിന്റെ ന്യായവിധിയെക്കാൾ ഒട്ടും കുറവല്ല, അത് ദൈവത്തിന്റെ ഭവനത്തിൽനിന്നാണ് ആരംഭിക്കുന്നത്. "അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ (1 പത്രൊസ് 4:19) **ലൂക്കൊസ് 18:1-8 വായിക്കുക. ദൈവത്തിന്റെ ന്യായവിധിയെ മനസ്സിലാക്കുവാൻ ഇതു നമ്മെ എങ്ങനെ സഹായിക്കുന്നു?**

ബൈബിൾ കാലങ്ങളിൽ സാധാരണയായി ന്യായവിധി വളരെ ആഗ്രഹിക്കപ്പെട്ടതായിരുന്നു. ലൂക്കൊസ് 18:1-8 ലെ ദരിദ്രയായ വിധവയുടെ ചിത്രം ന്യായവിധിയോടുള്ള വിസ്തൃതമായ മനോഭാവം പിടിച്ചെടുക്കുന്നു. അവളുടെ പരാതിയിൽ അവൾ വിജയിക്കണമെങ്കിൽ അവളുടെ പരാതി സ്വീകരിക്കുന്ന ഒരു ന്യായാധിപനെ കണ്ടെത്തണമെന്ന് ആ വിധവയ്ക്കറിയാം. അവളുടെ പരാതി കേൾക്കപ്പെടുവാൻ അവൾക്ക് മതിയായ പണമോ അന്തസ്സോ ഇല്ല, എന്നാൽ ഒടുവിൽ അവൾ ന്യായാധിപനെ പ്രേരിപ്പിച്ച് അവളുടെ പരാതികേട്ട് അവൾക്കർഹമായത് നൽകുവാൻ സമ്മതിക്കുന്നു. യേശു പറയുന്നതുപോലെ "ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ?" (ലൂക്കൊസ് 18:7). പാപം ലോകത്തിലേക്ക് തിന്മകൊണ്ടുവന്നു, ദൈവജനമാകട്ടെ കാലാകാലങ്ങളായി ദൈവം കാര്യങ്ങൾ നേരെയാക്കാൻ ദീർഘനാൾ കാത്തിരുന്നു.

"കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും" (വെളിപ്പാട് 15:4).

**ശിക്ഷിക്കപ്പെടാതെ ലോകത്തിൽ നടന്നതും ഇപ്പോൾ നടക്കുന്നതുമായ സകല തിന്മയെക്കുറിച്ചും ചിന്തിക്കുക. അങ്ങനെയെങ്കിൽ, എന്തുകൊണ്ടാണ്, ന്യായത്തിന്റെ ദൈവത്തിന്റെ ന്യായവിധിയുടെയും ആശയം ക്രിസ്ത്യാനികളെന്ന നിലയ്ക്ക് നമുക്ക് അത്ര സുപ്രധാനമായിരിക്കുന്നത്? ന്യായം നടത്തപ്പെടും എന്ന വാഗ്ദത്തത്തിൽനിന്ന് നിങ്ങൾക്ക് എന്തു പ്രത്യാശയാണ് ലഭിക്കുന്നത്?**

## പരിശോധനകളും വിശ്വാസവും

നാം കണ്ടതുപോലെ, അവരുടെ വിശ്വാസത്തിനുവേണ്ടി കഷ്ടപ്പാട് സഹിച്ച വിശ്വാസികൾക്കാണ് പത്രൊസ് എഴുതിയിരുന്നത്. ക്രിസ്തീയ ചരിത്രം കാണിച്ചിട്ടുള്ളതുപോലെ, കുറച്ചുകാലത്തേക്കെങ്കിലും, കാര്യങ്ങൾ കൂടുതൽ വഷളായതേയുള്ളൂ. ഉറപ്പായും തുടർന്നുള്ള വർഷങ്ങളിൽ അനേകം ക്രിസ്ത്യാനികൾ പത്രൊസ് എഴുതിയതിൽനിന്ന് ആശ്വാസവും സുഖവും കണ്ടെത്തി. സംശയമില്ല, ഇന്നും അനേകർ കണ്ടെത്തുന്നു.

കഷ്ടത എന്തുകൊണ്ടാണ്? അത് നിശ്ചയമായും, വളരെ പഴക്കമുള്ള ഒരു ചോദ്യമാണ്. ബൈബിളിലെ ആദ്യം എഴുതപ്പെട്ട പുസ്തകങ്ങളിലൊന്നായ ഇയ്യോബിന്റെ കഷ്ടത ഒരു കേന്ദ്ര ആശയമാണ്. തീർച്ചയായും, ആരെങ്കിലും (യേശു ഒഴികെ) "കുലപാതകനോ, കള്ളനോ, ദുഷ്പ്രവർത്തിക്കാരനോ... പാപകാര്യങ്ങളിൽ ഇടപെടുന്നവനോ" (1 പത്രൊസ് 5:15) അല്ലാതിരുന്നിട്ടും കഷ്ടതയനുഭവിച്ചിട്ടുണ്ടെങ്കിൽ, അത് ഇയ്യോബാണ്. എന്തൊക്കെയായാലും ദൈവം തന്നെ ഇയ്യോബിനെക്കുറിച്ച് പറഞ്ഞു: "അവനെപ്പോലെ നിഷ്കളങ്കനും, നേരുള്ളവനും ദൈവശത്കനും, ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ല" (ഇയ്യോബ് 1:8). എന്നിട്ടുകൂടി പാവം ഇയ്യോബ് സഹിച്ചത് നോക്കുക, അവൻ തിന്മയുള്ളവനായിരുന്നതുകൊണ്ടല്ല, പിന്നെയോ നല്ലവനായതുകൊണ്ട്!

കഷ്ടതയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ ഈ വാക്യങ്ങൾ എങ്ങനെ സഹായിക്കുന്നു? 1 പത്രൊസ് 5:8, വെളിപ്പാട് 12:9, 2:10.

നാം കഷ്ടപ്പെടുന്നതിനുള്ള ലഘുവായ ഉത്തരം നാം ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടത്തിന് നടുവിലാണെന്നതാണ്. ഇത് വെറുമൊരു രൂപകാലങ്കാരമല്ല, നമ്മുടെ പ്രകൃതങ്ങളിലെ നന്മയുടെയും തിന്മയുടെയും വെറുമൊരു അടയാളമല്ല. മനുഷ്യർക്കായി ഒരു യഥാർത്ഥ പോരാട്ടം നടത്തുന്ന ഒരു യഥാർത്ഥ യേശുവും ഒരു യഥാർത്ഥ പിശാചുമുണ്ട്.

**1 പത്രൊസ് 4:19 വായിക്കുക. ഇപ്പോൾ നാം പോരാടിക്കൊണ്ടിരിക്കുന്നതിൽ നമ്മെ സഹായിക്കുവാൻ പത്രൊസ് എഴുതിയതിന് എങ്ങനെ കഴിയും?**

നാം കഷ്ടപ്പെടുമ്പോൾ, പ്രത്യേകിച്ച് ആ കഷ്ടപ്പാട് നമ്മുടെ നേരിട്ടുള്ള ദോഷപ്രവൃത്തികൾ കാരണമല്ലാതാകുമ്പോൾ, സ്വാഭാവികമായും നാം ഇയ്യോബ് ചോദിച്ച ചോദ്യം ചോദിക്കും, വീണ്ടും വീണ്ടും: എന്തുകൊണ്ട്? കൂടാതെ, മിക്കപ്പോഴും എന്നപോലെ, നമുക്ക് ഒരുത്തരമില്ല. പത്രൊസ് പറയുന്നതുപോലെ നമുക്ക് ചെയ്യാൻ കഴിയുന്ന ഏകകാര്യം, കഷ്ടപ്പാടിന് മദ്ധ്യത്തിലും, നമ്മുടെ ആത്മാക്കളെ ദൈവത്തിനു സമർപ്പിക്കുക, അവനിൽ ആശ്രയിക്കുക, നമ്മുടെ "വിശ്വസ്ത സ്രഷ്ടാവിൽ വീണ്ടും നന്മ ചെയ്യുന്നത്" തുടരുക (1 പത്രൊസ് 4:19).

**എന്തുകൊണ്ടാണ് ദൈവത്തെ നിങ്ങൾതന്നെ അറിയുക; വ്യക്തിപരമായി അവന്റെ സ്നേഹത്തെയും നന്മയെയും അറിയുക എന്നത്; ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അത്ര പ്രധാന ഘടകമാകുന്നത്; പ്രത്യേകിച്ച് കഷ്ട**

**പ്പെടുന്ന ഒരാൾക്ക്? നമുക്കെല്ലാം എങ്ങനെയാണ് അവന്റെ സ്നേഹത്തിന്റെ യാഥാർത്ഥ്യവും ദൈവത്തെയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അറിയാൻ കഴിയുക?**

**വെള്ളി** **മേയ് 5**

**കൂടുതൽ ചിന്ത:** ഞായറാഴ്ചയിലെ പഠനം ക്രിസ്ത്യനികൾ അനുഭവിച്ച പീഡന ത്തെക്കുറിച്ച് സംസാരിച്ചു. ആ ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ എന്തു കഷ്ടമനുഭവിച്ചു എന്നതിനെക്കുറിച്ച് ചക്രവർത്തിക്കയച്ച കത്തിലെ നേരിട്ടുള്ള ഉള്ളടക്കമാണ് ഇവിടെ: "ക്രിസ്ത്യാനികളെന്ന് കുറ്റം ചുമത്തി എന്റെ യടുക്കൽ കൊണ്ടുവന്നവരോട് ഞാൻ സ്വീകരിച്ച രീതി ഇതാണ്: അവർ ക്രിസ്ത്യാ നികളാണോ എന്ന് ഞാനവരെ ചോദ്യം ചെയ്തു; അവർ ഏറ്റുപറഞ്ഞാൽ ഞാൻ ആ ചോദ്യം രണ്ടുപ്രാവശ്യം വധശിക്ഷ ഭീഷണിയോടെ ആവർത്തിക്കും; അവർ അപ്പോഴും ഉറച്ചുനിൽക്കുകയാണെങ്കിൽ, അവരെ കൊല്ലുവാൻ ഞാൻ ആജ്ഞാപിക്കും. അവരുടെ വിശ്വാസസംഹിതയുടെ പ്രകൃതം ഏതായിരുന്നാലും, അവരുടെ ധിക്കാരവും അചഞ്ചലമായ ദുർവാശിയും ന്യായമായി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിൽ എനിക്കൊരു സംശയവുമില്ല.

"നിരാകരിച്ചവരിൽ ക്രിസ്ത്യാനികളുണ്ടായിരുന്നു, എപ്പോഴും ക്രിസ്ത്യാനികളാ യിരുന്നു, ഞാൻ പറഞ്ഞ പ്രാർത്ഥനകൾ അവർ ദൈവത്തോട് ഏറ്റുചൊല്ലി, വീഞ്ഞും, ധൂപവും നൽകി അവർ നിന്റെ പ്രതിമയെ പൂജിച്ചു, ഞാൻ അത് ദൈവങ്ങൾക്കൊപ്പം പ്രതിഷ്ഠിച്ചു. അവർ ഒടുവിൽ ക്രിസ്തുവിനെ ശപിച്ചു. ഈ ചെയ്ത പ്രവൃത്തിക ളൊന്നും യഥാർത്ഥത്തിൽ ക്രിസ്ത്യാനികളായവരെക്കൊണ്ട്, നിർബന്ധിച്ച് ചെയ്യിപ്പി ക്കാനാകില്ല എന്നാണ് പറയപ്പെടുന്നത്. ഇവയെല്ലാം ചെയ്യുന്നത് ശരിയെന്ന് ഞാൻ കരുതി. ആ ഒറ്റുകാരൻ പേര് പറഞ്ഞ മറ്റുള്ളവർ ആദ്യം ക്രിസ്ത്യാനികളെന്ന് പറഞ്ഞു, പിന്നീട് നിഷേധിച്ചു; ചിലർ അതിലായിരുന്നു, പിന്നീട് വിട്ടുപോയി. ചിലർ മൂന്ന് വർഷം, മറ്റുള്ളവർ അനേകം വർഷങ്ങൾ, കുറച്ചു പേരാകട്ടെ ഇരുപത്തിയഞ്ചു വർഷം വരെ. അവരെല്ലാം നിന്റെ പ്രതിമയെയും ദൈവങ്ങളുടെ പ്രതിമകളെയും വണങ്ങി. ക്രിസ്തുവിനെ ശപിച്ചു" Pliny Letters (Londan William Heineman, 1915), book 10:96 (Vol. 2, pp 401-403)

**ചർച്ചാ ചോദ്യങ്ങൾ**

1. മേലുദ്ധരിച്ചിരിക്കുന്ന പ്ലിനിയെഴുതിയ എഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന തുപോലെ, ക്രിസ്ത്യാനികൾ നേരിട്ട പ്രധാന പ്രശ്നം എന്തായിരുന്നു? വെളിപ്പാട് 14:9–12 ൽ വെളിപ്പെടുത്തിയിരിക്കുന്ന മൂന്നാം ദൂതന്റെ ദൂത് പ്രകാരം, അന്ത്യനാളു കളിൽ സംഭവിക്കാൻ പോകുന്നതുമായി എന്ത് സമാനതകളാണ് നമുക്കിവിടെ കാണാൻ കഴിയുക?
2. വൻപോരാട്ടത്തിൽ തന്നെ അന്തർലീനമായിരിക്കുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് എന്താണ് ഇത് നമ്മോട് പറയുന്നത്?

“ദൈവത്തിന്റെ ന്യായപ്രമാണം ആദരിക്കുന്നവരെ അവർ ലോകത്തിനുമേൽ ന്യായവിധി കൊണ്ടുവരുന്നുവെന്ന് തെറ്റായി കുറ്റം വിധിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിയിലെ ഭയാനകമായ കുലുക്കങ്ങൾക്കും ഭൂമിയെ ദുഃഖത്താൽ നിറയ്ക്കുന്ന യുദ്ധത്തിനും രക്തം ചൊരിയലിനുമെല്ലാം കാരണക്കാർ അവരാണെന്ന് കണക്കാക്കപ്പെടും. അന്ത്യതാക്കീതിന്റെ ശക്തി ദുഷ്ടന്മാരെ കോപാകുലരാക്കിയിട്ടുണ്ട്; ഈ ദൂത് ലഭിച്ചവർക്കെതിരെയെല്ലാം അവരുടെ കോപം ജ്വലിക്കുന്നുണ്ട്, സാത്താനാകട്ടെ പീഡനത്തിന്റെയും വെറുപ്പിന്റെയും തീവ്രത കൂടുതൽ കടുപ്പമാക്കുകയും ചെയ്യും” EGW, The great controversy, pp. 614-615.

ഇതെല്ലാം എപ്പോൾ സംഭവിക്കുമെന്ന് നമുക്ക് അറിയില്ലെങ്കിലും, നമുക്കെങ്ങനെയാണ് നമ്മുടെ വിശ്വാസത്തിനെതിരെയുള്ള എതിർപ്പിനെ നേരിടാൻ എപ്പോഴും തയ്യാറായിരിക്കാൻ കഴിയുക? ആ എതിർപ്പ് ഏത് രീതിയിൽ വന്നാലും; ഒരുങ്ങിയിരിക്കുന്നതിനുള്ള പ്രധാന കാരണമെന്ത്?

✪ ✪ ✪ ✪